ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ പവർ ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ബോംബെ അടിസ്ഥാനമായുള്ള എച്ച്. സി. സി. (ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി) യാണ്. ഇവർക്ക് നിർമ്മാണ തുക നൽകിയതിൽ വിൽപ്പന നികുതിയെ സംബന്ധിച്ച് അപാകതകൾ ഉള്ളതായി അക്കൗണ്ടന്റ് ജനറൽ തന്റെ എൻകയറി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വിൽപ്പന നികുതി ഇനത്തിൽ വൈദ്യുതി ബോർഡ് വിൽപ്പന നികുതി വകുപ്പിന് 31,45,634 രൂപ അധികമായി നൽകിയെന്നും പ്രസ്തുത തുക എച്ച്. സി. സി. വാങ്ങിയതായും റിപ്പോർട്ടിൽ പറയുന്നു.

(ബി) ഉണ്ട്. കോൺട്രാക്ടർമാരായ എച്ച്. സി. സി. വൈദ്യുതി ബോർഡിനെതിരായി ഒരു ഒ. പി. ഫയൽ ചെയ്യുകയുണ്ടായി.

(സി) വിൽപ്പന നികുതിയിനത്തിൽ അധികമായി എച്ച്. സി. സി. വാങ്ങിയ തുക ഈടാക്കുന്നതിനായി വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടായിരുന്ന എച്ച്. സി. സി.യുടെ ബാങ്ക് ഗ്യാരന്റി പണമാക്കിമാറ്റി ബോർഡിലേക്ക് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ എച്ച്. സി. സി. ബഹു. ഹൈക്കോടതിയെ സമീപിച്ചു. ബഹു. ഹൈക്കോടതി ഒരു ഇടക്കാല ഉത്തരവിലൂടെ ഇതു സംബന്ധിച്ച് ബോർഡിന്റെ നടപടികൾ തടയുകയുണ്ടായി. ഇപ്പോഴും നിലവിലുള്ള ഈ ഉത്തരവ് നീക്കുന്നതിനായി വൈദ്യുതി ബോർഡ് എല്ലാ നടപടികളും എടുത്തിട്ടുണ്ട്.

സാമഗ്രികളില്ലാത്തതിനാൽ കണക്ഷൻ നൽകുന്നതിന് കാലതാമസം

86 [5337] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ഇലക്ട്രിക് സെക്ഷനുകളിലാണ് കേബിളും കമ്പിയും ഇലക്ട്രിക് പോസ്റ്റും ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കാലതാമസം നേരിടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ സെക്ഷനിലും എത്ര വൈദ്യുതി കണക്ഷനുള്ള അപേക്ഷയാണ് കണക്ഷൻ നൽകാനായി ബാക്കിയുള്ളതെന്ന് സെക്ഷൻ തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) കുന്നത്തൂർ മണ്ഡലത്തിലെ അപേക്ഷകൾ പ്രകാരം വൈദ്യുതി കണക്ഷൻ പൂർണ്ണമായും കൊടുത്തുതീർക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേബിളും ലൈൻ സാമഗ്രികളും തികയാതെ വരുന്നതുമൂലം മിക്ക സെക്ഷനിലും വൈദ്യുതി കണക്ഷൻ നൽകാൻ കാലതാമസം നേരിടുന്നു.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുന്നത്തൂർ മണ്ഡലത്തിൽ 2131 ഒ. എച്ച്. കണക്ഷനും 603 വെതർപ്രൂഫ് കണക്ഷനും കൊടുക്കുവാനുണ്ട്. കണക്ഷൻ നൽകുന്നതിന് സംസ്ഥാന തലത്തിൽ ലക്ഷ്യമിടുന്ന കാലപരിധി അനുസരിച്ചും സാധന സാമഗ്രികളുടെ ലഭ്യതയനുസരിച്ചുമാണ് കണക്ഷനുകൾ കൊടുത്തുതീർക്കുക. ടാർജറ്റ് നിശ്ചയിച്ചവ തീർക്കാനുള്ള പോസ്റ്റുകളും കമ്പിയും ശേഖരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാറശ്ശാല സെക്ഷൻ ഓഫീസിൽ പെൻഡിങ്ങിലുള്ള വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ

87 [5338] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ബോർഡിന്റെ പാറശ്ശാല സെക്ഷൻ ഓഫീസിൽ വൈദ്യുതി കണക്ഷനുള്ള എത്ര അപേക്ഷകൾ പെൻഡിംഗിലുണ്ട്; ഏത് തീയതി മുതലുള്ള അപേക്ഷകളാണ് ഇവ;

(ബി) ഈ സെക്ഷൻ ഓഫീസിൽ ജനറൽ കാറ്റഗറിയിലുള്ള അപേക്ഷകളിൽ ഏത് തീയതിവരെയുള്ള അപേക്ഷ പ്രകാരം വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

(സി) ബി. എ. ശശികുമാർ, തച്ചോട്ടുപുത്തൻ വീട്, തളച്ചാൽവിള, ചെറുവാരക്കോണം എന്നയാൾ വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതെന്നാണ്;

(ഡി) ശശികുമാറിന് വൈദ്യുതി. കണക്ഷൻ നൽകുന്നതിന് എത്ര പോസ്റ്റുകൾ ഇടേണ്ടതുണ്ട്;

(ഇ) അതിനുള്ള ചെലവ് ശ്രീ. ശശികുമാർ വഹിച്ചുകൊള്ളാമെന്ന് സമ്മതിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ശ്രീ. ശശികുമാറിന് കണക്ഷൻ കൊടുക്കുന്നതിൽ കാലതാമസത്തിനുള്ള കാരണമെന്ത്;

(ജി) അദ്ദേഹത്തിന് അടിയന്തിരമായി കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1999 ഫെബ്രുവരി മുതലുള്ള 316 അപേക്ഷകൾ പെൻഡിങ്ങിലുണ്ട്.

(ബി) 31-1-1999 വരെ.

(സി) 23-5-2000-ൽ.

(ഡി) 1 പോസ്റ്റ്.

LIBRARY ARCHIVES Kerala Legislative Assembly